بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 05.02.16 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

**05.02.16 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം**

**അഹ്മദിയായതുകൊണ്ട് നമ്മളിൽ ഒരുപാട് ചുമതലകളാണുള്ളത്. അതെല്ലാം നമ്മൾ നമ്മുടെ മുമ്പിൽ വെക്കേണ്ടതാണ്. റസൂലിന്റെ ജീവിതമാർഗത്തിലൂടെ നടക്കാനും അല്ലാഹുവിന്റേതായിത്തീരാനും ശ്രമിക്കുന്നവനാണ് യഥാർഥ അഹ്മദി. ആരാണോ അല്ലാഹുവിനുവേണ്ടി ആയിത്തീരുന്നത് അല്ലാഹു അവന്റേതായിത്തീരുന്നു. അല്ലാഹു ആരുടേയും ചതിയിൽ അകപ്പെടുകയില്ല. പ്രദർശനപരതകൊണ്ടും വഞ്ചനകൊണ്ടും അല്ലാഹുവിനെ വഞ്ചിക്കാമെന്ന് വിചാരിച്ചാൽ അത് അവന്റെ വിഡ്ഢിത്തവും അജ്ഞതയുമാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനുംശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ജൽസയിൽ ഒരു സാഹിബ് തന്റെ പ്രസംഗത്തിൽ പറഞ്ഞു, 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തും മറ്റു മുസ്‌ലീംകളും തമ്മിലുള്ള വ്യത്യാസം ഭൂരിപക്ഷ മുസ്‌ലീംകൾ മസീഹുബ്നു മർയം ആകാശത്തുപോയെന്ന് വിശ്വസിക്കുമ്പോൾ അദ്ദേഹം മരിച്ചുപോയെന്ന് നമ്മൾ വിശ്വസിക്കുന്നു എന്നതുമാത്രമാണ്. ഇതല്ലാതെ നമുക്കും അവർക്കുമിടയിൽ തർക്കപരമായ മറ്റൊരു കാര്യവുമില്ല.' ഇതുകാരണത്താൽ ഒരുപാട് കാര്യങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യവും വ്യക്തമാകുന്നുണ്ടായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) 1905 ഡിസംബർ 27 ന് ഇക്കാര്യങ്ങൾ വിശദീകരിക്കുന്നതിനായി ഒരു പ്രസംഗം നടത്തി. അതിൽ അദ്ദേഹം പറഞ്ഞു: 'എന്റെ നിയോഗോദ്ദേശ്യം കേവലം ഇത്ര ചെറിയ വ്യത്യാസത്തെ പ്രകടമാക്കുകയല്ല. ഇത്ര ചെറിയ കാര്യത്തിന്നായി ചെറിയ പ്രവർത്തിക്കായി അല്ലാഹുവിന് ഈ ജമാഅത്ത് രൂപീകരിക്കേണ്ട ആവശ്യവുമുണ്ടായിരുന്നില്ല. മുസ്‌ലീംകളുടെ കർമപരമായ അവസ്ഥ വളരെ മോശമായികൊണ്ടിരിക്കുകയാണ്. അത് മുസ്‌ലീംകളുടെ അധഃപതനത്തിനും നിമിത്തമായിക്കൊണ്ടിരിക്കുന്നു. അതിന്റെ പരിഷ്ക്കരണത്തിനുവേണ്ടിയാണ് അല്ലാഹു എന്നെ നിയോഗിച്ചയച്ചത്. അതിൽ ഒന്ന് കളവിൽനിന്ന് രക്ഷപ്പെടുക എന്നതും സത്യസന്ധതയുടെ സ്ഥാപനവുമാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)ജമാഅത്തിനെ ഉപദേശിച്ചു: 'ഇതുമായി ബന്ധപ്പെട്ട് അതായത് നിങ്ങളുടെ സത്യസന്ധതയുടെ നിലവാരം ഉയർത്തുക. നിങ്ങളിലും അന്യരിലും ഈ വ്യത്യാസം പ്രകടമാക്കുക.' കേവലം വിശ്വസിക്കുക എന്നതും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗം സത്യമാണെന്ന് വിശ്വസിക്കുക എന്നതും ഒരു പ്രയോജനവും നല്കുന്നതല്ല. അല്ലാഹു വിശുദ്ധ ഖുർആനിലും യഥാർഥവിശ്വാസികളുടെ അടയാളമായി ഇതാണ് പറഞ്ഞിരിക്കുന്നത്. **ലാ യശ്ഹദൂനസ്സൂറാ** അവർ കള്ളസാക്ഷ്യം പറയുന്നവരല്ല. അതുപോലെ സൃഷ്ടിപൂജയേയും കളവിനേയും കുറിച്ചു പറഞ്ഞു, അതിൽനിന്ന് രക്ഷപ്പെടുക. ശിർക്ക് അഥവാ സൃഷ്ടിപൂജയേയും കളവിനേയും കൂട്ടിച്ചേർത്തു പറഞ്ഞിരിക്കുന്നു. കളവിന്റെ പാപവും ശിർക്കിന്റെ പാപംപോലെയാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് അത് ഞാൻ പറഞ്ഞതുപോലെ 'സൂർ' എന്ന വാക്കാണ്. അതിന്റെ അർഥം ഇതാണ്, കളവ്, തെറ്റായ വിവരണം, കള്ളസാക്ഷ്യം, അല്ലാഹുവിന് പങ്കുകാരെ നിശ്ചയിക്കുക, കളവ് പൊതുവായ നിലയിൽ പറയപ്പെടുന്ന മജ്‌ലിസുകൾ, സ്ഥലങ്ങൾ, അതുപോലെ പാട്ടുപാടുന്നതും നിരർഥകാര്യങ്ങൾ ചെയ്യുന്നതുമായ സദസ്സുകൾ ഇതെല്ലാം തന്നെ 'സൂർ' എന്നതിന്റെ അർഥത്തിൽ ഉൾപ്പെടുന്നതാണ്. ആരാണോ കളവ് പറയാത്തത്, ആ രാണോ നിരർഥകാര്യങ്ങളുള്ള സ്ഥലങ്ങളിലും കളവുപറയുന്നവരുടെ കൂടെയുമിരിക്കാത്തത്, അല്ലാഹുവിന് പങ്കുകാരെ ചേ ർത്തുവെക്കാത്തത്, ശിർക്കുപരമായ കാര്യങ്ങൾ നടക്കുന്ന അത്ത രം സ്ഥലങ്ങളിൽ പോകാത്തത്, അതുപോലെ ഒരിക്കലും കള്ളസാക്ഷ്യം പറയാത്തത്, അവരാണ് വിശ്വാസികൾ. അവരാണ് അല്ലാഹുവിന്റെ ദാസന്മാർ. നമ്മളിൽ ഓരോരുത്തരും കളവിൽ നിന്ന് രക്ഷപ്പെടുകയാണെങ്കിൽ, യഥാർഥ വിശ്വാസം ഉണ്ടാക്കിത്തീർക്കുന്ന ഒരു പരിവർത്തനം തങ്ങളിൽ ഉണ്ടാക്കാൻ സാധിക്കുന്നതാണ്. ഏതായാലും ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) കളവിനെക്കുറിച്ച് പറഞ്ഞ പ്രസംഗത്തിന്റെ ആ ഭാഗം കേൾപ്പിക്കാം. ഇത് ശ്രദ്ധയോടുകൂടി കേൾക്കുക. ഇന്ന് നമ്മളിലും ഒരുപാടാളുകൾക്ക് ഇതിൽ ചിന്തിക്കേണ്ടതിന്റെ ആവശ്യമുണ്ട്.

മുസ്‌ലീംകളിൽ ആഭ്യന്തരഭിന്നതക്കുള്ള കാരണം ഈ ദുൻയാവിനോടുള്ള സ്നേഹം തന്നെയാണ്. കാരണം അല്ലാഹുവിന്റെ പ്രീതിയെ മുന്തിച്ചിരുന്നെങ്കിൽ ഇന്ന വിഭാഗത്തിന്റെ വിശ്വാസം കൂടുതൽ വ്യക്തമാണെന്ന് എളുപ്പം മനസ്സിലാകുകയും അങ്ങനെ അത് സ്വീകരിച്ച് ഒന്നാകുകയും ചെയ്യുമായിരുന്നു. അല്ലാഹു പറഞ്ഞു:**ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹ്** .അതായത് നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. അല്ലാഹു നിങ്ങളെ സുഹൃത്താക്കും. ആ മഹാത്മാവിന്റെ കാല്പാടുകളിലൂടെ നടക്കുക. എന്നിട്ട് അല്ലാഹു ഏതുവിധത്തിലാണ് അനുഗ്രഹിക്കുന്നതെന്ന് നോക്കുക. സ്വഹാബാക്കൾ ആ മാർഗമാണ് അവലംബിച്ചത്. നോക്കൂ! അല്ലാഹു അവരെ എവിടെന്ന് എവിടെ എത്തിച്ചു. അവർ ദുൻയാവിനെ ചിവിട്ടി പുറത്താക്കി. പൂർണമായും ദുൻയാവിനോടുള്ള സ്നേഹത്തിൽനിന്ന് വേർപെട്ടു. തങ്ങളുടെ ആഗ്രഹങ്ങൾക്കുമേൽ ഒരു മരണം വരിച്ചു. ഇനി നിങ്ങൾ നിങ്ങളുടെ അവസ്ഥയെ അവരുടെ അവസ്ഥയുമായി താരതമ്യം ചെയ്തു നോക്കുക. അവരുടെ കാല്പാടുകളിലൂടെയാണോ നിങ്ങൾ നടക്കുന്നത്? അഹോ കഷ്ടം! ഇക്കാലത്ത് അല്ലാഹു അവരിൽനിന്ന്

എന്താണ് ആഗ്രഹിക്കുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുന്നില്ല.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ), ഹദ്റത്ത് മിർസാ സുൽത്വാൻ അഹ്മദ് സാഹിബിനെ ഉദ്ധരിച്ചുകൊണ്ട് ഒരു സംഭവം വിവരിച്ചിട്ടുണ്ട്. അദ്ദേഹം മജിസ്ട്രേട്ടായിരുന്നു. പറയുന്നു, ഒരിക്കൽ എന്റെയടുത്ത് ഒരാൾ വന്നു. അദ്ദേഹത്തെ എനിക്ക് അറിയാമായിരുന്നു. അന്നാണ് സാക്ഷികളെ ഹാജരാക്കേണ്ടിയിരുന്നത്. അദ്ദേഹം പറഞ്ഞു: 'കേസ് അവധിക്കു വച്ചാലും എന്റെ സാക്ഷി ഹാജരായിട്ടില്ല.' അപ്പോൾ ഹദ്റത്ത് മിർസാ സുൽത്വാൻ അഹ്മദ് സാഹിബ് അദ്ദേഹത്തോടു തമാശരൂപേണ പറഞ്ഞു, 'താങ്കളെ വലിയ ബുദ്ധിമാനായിട്ടാണ് ഞാൻ മനസ്സിലാക്കിയത്. എന്നാൽ, താങ്കൾ വിഡ്ഢിയാണല്ലോ. താങ്കൾ എവിടെന്നാണ് ഈ സാക്ഷികളെ കൊണ്ടുവരേണ്ടത്. പുറത്തുപോയി ആർക്കെങ്കിലും ഏഴോ എട്ടോ അണ നല്കുകയാണെങ്കിൽ അയാൾ താങ്കളുടെ സാക്ഷിയായി കൂടെ വരുന്നതായിരിക്കും.' അങ്ങനെ അയാൾ പുറത്തുപോയി. കുറച്ചു സമയത്തിനുശേഷം സാക്ഷികളായി രണ്ടുമൂന്നു പേരെ കൊണ്ടുവന്നു. സാക്ഷിയെ ഹദ്റത്ത് മിർസാ സുൽത്വാൻ അഹ്മദ് സാഹിബ് വിസ്തരിച്ചപ്പോൾ 'ഞാൻ കണ്ടതാണ്, ഇങ്ങനെയാണ് സംഭവിച്ചത്, അങ്ങനെയാണ് സംഭവിച്ചത്' എന്ന് അയാൾ മറുപടി പറഞ്ഞു. ഹദ്റത്ത് മിർസാ സുൽത്വാൻ അഹ്മദ് സാഹിബ് പറയുകയാണ്, ഞാൻ എന്റെ ഉള്ളിന്റെ ഉള്ളിൽ ചിരിക്കുകയായിരുന്നു. അല്ല അവരുടെ മുമ്പിൽവച്ചുതന്നെ ചിരിക്കുകയായിരുന്നു. കാരണം ഞാൻ പറഞ്ഞിട്ടാണല്ലോ ഇദ്ദേഹം പുറത്തുപോയി സാക്ഷികളെ കൊണ്ടുവന്നത്. ആ സാക്ഷികൾ അല്ലാഹുവിൽ സത്യം ചെയ്തുകൊണ്ടു എന്റെ മുമ്പിൽവച്ച് കളവു പറയുന്നു. വിശുദ്ധ ഖുർആൻ കൈയിൽ പിടിച്ചുകൊണ്ട് സത്യം ചെയ്യുന്നു. സാക്ഷ്യം നല്കിക്കഴിഞ്ഞപ്പോൾ ഞാൻ അവരോടു ചോദിച്ചു, 'നിങ്ങൾക്കു ലജ്ജയില്ലേ? വിശുദ്ധ ഖുർആൻ കൈയിൽപിടിച്ചുകൊണ്ട് വിശുദ്ധ ഖുർആനെതിരിൽ സാക്ഷ്യം പറയുകയാണോ? എന്റെ മുന്നിൽവച്ചല്ലേ നിങ്ങൾ ഈ കള്ളസാക്ഷികളെ കൊണ്ടുവന്നത്?'

ഇതാണ് സാക്ഷികളുടെ അവസ്ഥ. ഇന്നും ഇങ്ങനെതന്നെയാണുള്ളത്. ജമാഅത്തിന്നെതിരിലുള്ള കേസുകളിൽ നമുക്കിത് അധികവും കാണാൻ സാധിക്കുന്നു. കുറ്റവാളികളല്ലാത്ത ഒരു പാടാളുകൾ ഹാജരാക്കപ്പെടുന്നു. ആരുടെയെങ്കിലും കേസിൽ സാക്ഷികളായും ഹാജരാകുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ)പറയുന്നു: 'ഇന്ന് ലോകത്തിന്റെ അവസ്ഥ അങ്ങേയറ്റം ദുർബലമായിരിക്കുന്നു. ഏതു വശത്തൂടെയും കോണുകളിലൂടെയും നോക്കുക. കള്ള സാക്ഷികൾ ഉണ്ടാക്കുന്നു. കള്ളക്കേസുകളുണ്ടാക്കുക എന്നത് ഇന്ന് വലിയൊരു കാര്യമേയല്ല. കള്ള സർട്ടിഫിക്കറ്റുളുണ്ടാക്കുന്നു. അല്ലാഹു കളവിനെ മാലിന്യം(നജാസത്ത്) എന്നാണ് പറഞ്ഞിരിക്കുന്നത്. അതിൽനിന്ന് രക്ഷപ്പെടുക. **വജ്തനിബുർരിജ്സ മിനൽ ഔഥാനീ വജ്തനിബു ഖൗലസ്സൂറി** സൃഷ്ടിപൂജയോടൊപ്പം ഈ കളവിനെ കൂട്ടിച്ചേർത്തു പറഞ്ഞിരിക്കുന്നു. പറഞ്ഞു: വിഡ്ഢിയായ മനുഷ്യൻ അല്ലാഹുവിനെ ഉപേക്ഷിച്ച് കല്ലിന്റെ മുമ്പിൽ തലകുനിക്കുന്നതുപോലെ നേരും നെറിയും ഉപേക്ഷിച്ച് സ്വന്തം ഉദ്ദേശ്യത്തിനു വേണ്ടി കളവിനെ ബിംബമാക്കുന്നു. അതുകൊണ്ടാണ് അല്ലാഹു ഇതിനെ ബിംബാരാധനയുമായി കൂട്ടിച്ചേർത്ത് പറഞ്ഞത്. ഇതുമായി ബന്ധിപ്പിച്ചത്. ഒരു ബിംബാരാധകൻ ബിംബങ്ങളിൽനിന്ന് മോക്ഷം ആഗ്രഹിക്കുന്നതുപോലെ കളവു പറയുന്ന വ്യക്തിയും സ്വയം ബിംബമുണ്ടാക്കുകയും ബിബം മുഖേന മോക്ഷം ലഭിക്കുമെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. എത്രമോശമായ അവസ്ഥയാണ് വന്നു ചേർന്നിരിക്കുന്നത്. ഇനി എന്തുകൊണ്ടാണ് നിങ്ങൾ ബിംബാരാധകരായതെന്നു ചോദിച്ചാൽ, ഈ മാലിന്യത്തെ ഉപേക്ഷിക്കുക എന്നു പറഞ്ഞാൽ, എന്തിന് ഉപേക്ഷിക്കണമെന്നും ഇതുകൂടാതെ ജീവിക്കാൻ സാധ്യമല്ലെന്നും പറയുന്നു. ഇതിനെക്കാൾ വലിയ എന്തു നിർഭാഗ്യാവസ്ഥയാണുള്ളത്. അതായത് കളവിനെ തങ്ങളുടെ അച്ചുതണ്ടാക്കി മനസ്സിലാക്കിയിരിക്കുന്നു. എന്നാൽ, ഞാൻ നിങ്ങൾക്ക് ഉറപ്പുനല്കുന്നു. അവസാനം സത്യംതന്നെയാണ് വിജയിക്കുക. വിജയവും നന്മയും അതിനു മാത്രമാണ്.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു സംഭവം വിവരിക്കുന്നു: ' ഇസ്ലാമിനെ പിന്തുണച്ചുകൊണ്ട് ആര്യസമാജക്കാർക്കെതിരിൽ, ഒരു പത്രമുടമയും വക്കീലും അമൃതസർ വാസിയുമായ റലിയാ റാം എന്ന ക്രിസ്ത്യാനിയുടെ പ്രസ്സിൽ അച്ചടിക്കുന്നതിനായി ഒരു ലേഖനം ഇരുവശവും തുറന്നപാക്കറ്റിലാക്കി ഈ സാധു അദ്ദേഹത്തിന് അയച്ചുകൊടുത്തു. അതിൽ ഒരു കത്തുംവച്ചു. കത്തിൽ ഇസ്ലാമിനെ പിന്തുണച്ചും മറ്റു മതങ്ങളിലെ വ്യർഥമായ കാര്യങ്ങളെ കുറിച്ചുമുള്ള സൂചനകളാണുണ്ടായിരുന്നത്. ലേഖനം അച്ചടിക്കാനും പറഞ്ഞിരുന്നു. ആ ക്രിസ്ത്യാനി മതപരമായ എതിർപ്പുകാരണം പ്രകോപിതനായി. അങ്ങനെ അവിചാരിതമായി അയാൾക്ക് ശത്രുതാപരമായ ആക്രമണത്തിന് ഒരവസരം ലഭിച്ചു. ഏതെങ്കിലും മറ്റു വിഷയമുള്ള കത്ത് പ്രസ് മാറ്ററിനോടൊപ്പം അടക്കം ചെയ്യുന്നത് നിയമപരമായി കുറ്റമായിരുന്നു. അതിനെക്കുറിച്ച് ഈ സാധുവിന് ഒരു അറിവും ഉണ്ടായിരുന്നില്ല. അത്തരം കുറ്റകൃത്യത്തിന് പോസ്റ്റൽ നിയമപ്രകാരം 500 രൂപ പിഴയോ 6 മാസം തടവോ ലഭിക്കാവുന്നതാണ്. അങ്ങനെ അയാൾ വിവരം നല്കി, പോസ്റ്റോഫീസ് അധികൃതരെക്കൊണ്ട് ഈ വിനീതനെതിരെ കേസുകൊടുപ്പിച്ചു.

ഏതായാലും ഞാൻ ഈ കേസ്സിൽ ഗുരുദാസ്പൂർ ജില്ല കേന്ദ്രത്തിൽ വിളിപ്പിക്കപ്പെട്ടു. ഏതെല്ലാം വക്കീൽമാരോടാണോ കേസ്സിനെക്കുറിച്ച് അഭിപ്രായം ആരാഞ്ഞത് അവരെല്ലാം പറഞ്ഞത് കളവു പറയാതെ മറ്റൊരു മാർഗവുമില്ലെന്നാണ്. എന്നല്ല, പാക്കറ്റിൽ കത്തുവെച്ചിട്ടില്ലെന്നും ലിയാറാം സ്വയം വെച്ചതായിരിക്കുമെന്നും പറയാൻ അവർ എനിക്ക് ഉപദേശവും നല്കി. എന്നിട്ടു സമാധാനപ്പെടുത്തിക്കൊണ്ടു പറഞ്ഞു, അങ്ങനെ പറയുന്നതിലൂടെ സാക്ഷികളുടെ അടിസ്ഥാനത്തിൽ വിധിയുണ്ടാകുന്നതാണ്. രണ്ടോ നാലോ കള്ള സാക്ഷികളെ കൊണ്ടുവന്ന് കേസ്സിൽ നിന്ന് രക്ഷപ്പെടാം. (അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വക്കീൽ അഭിപ്രായം പറഞ്ഞുകൊടുക്കുകയാണ്. കള്ള സാക്ഷികളെ ഹാജരാക്കാൻ). (വക്കീൽമാർ പറഞ്ഞു:) ഇല്ലെങ്കിൽ കേസ്സിൽനിന്ന് രക്ഷപ്പെടുക വളരെ പ്രയാസകരമാണ്. മോചനത്തിന് ഇതല്ലാതെ മറ്റൊരു മാർഗവുമില്ല. (എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:) 'എന്തു സംഭവിച്ചാലും ഞാനൊരിക്കലും നേരായമാർഗം ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്നില്ലെന്ന് അവർക്കെല്ലാ നവർക്കും മറുപടി നല്കി.' അപ്പോൾ അന്നോ അടുത്ത ദിവസമോ എന്നെ ഒരു ഇംഗ്ലീഷുകാരന്റെ കോടതിയിൽ ഹാജരാക്കി. എനിക്കെതിരിൽ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിന്റെ ഓഫീസർ സർക്കാറിന്റെ കക്ഷിയായി ഹാജരായി. ആ സമയത്ത് ജഡ്ജി തന്റെ കൈകൊണ്ട് എന്റെ മൊഴി രേഖപ്പെടുത്തി. ഏറ്റവുമാദ്യം എന്നോടു ചോദിച്ചത്, 'താങ്കളാണോ താങ്കളുടെ ഈ കത്ത് താങ്കളുടെ പാക്കറ്റിൽവച്ചത്?'എന്നായിരുന്നു. ഈ കത്തും ഈ പാക്ക

റ്റും താങ്കളുടേതാണോ? അപ്പോൾ 'അത് എന്റെ കത്തും എന്റെ പാക്കറ്റും തന്നെയാണെന്നും ഞാൻ തന്നെയാണ് ഈ കത്ത് ഈ പാക്കറ്റിലിട്ട് അയച്ചതെന്നും എന്നാൽ, സർക്കാറിന് നഷ്ടമുണ്ടാക്കുക എന്ന ദുരുദ്ദേശ്യത്തോടുകൂടി അല്ല ഈ പ്രവർത്തി ചെയ്തതെന്നും ഞാൻ പെട്ടെന്ന് മറുപടി നല്കി.' അവസാനം വാദിയായ ഓഫീസർ തന്റെ എല്ലാവാദവും സമർപിച്ചു കഴിഞ്ഞപ്പോൾ തന്റെ മുഴുവൻ ഊർജവും പുറത്തെടുത്തപ്പോൾ ജഡ്ജി വിധിയെഴുതാനായി തിരിഞ്ഞു. അദ്ദേഹം ഒരു വരിയോ ഒന്നരവരിയോ എഴുതിയിട്ട് എന്നോടു പറഞ്ഞു, 'ശരി താങ്കൾക്ക് പോകാം.' ഇതുകേട്ട് ഞാൻ കോടതിമുറിയിൽനിന്ന് പുറത്തുവന്നു. എന്റെ യഥാർഥ ഔദാര്യവാന് നന്ദി രേഖപ്പെടുത്തി.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുകയാണ്, 'കളവുപറയാതെ രക്ഷയില്ലെന്ന് എനിക്കെങ്ങനെയാണ് പറയാൻ കഴിയുക. കാരണം അത്തരം കാര്യങ്ങൾ വെറും നിരർഥമാണ്. സത്യംകൂടാതെ ജിവിക്കാൻ സാധ്യമല്ലെന്നതാണ് യാഥാർഥ്യം.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'നല്ലവണ്ണം ഓർത്തുകൊള്ളുക. കളവുപോലെ ദുർലക്ഷണമായ മറ്റൊരു കാര്യവുമില്ല. പൊതുവെ ഭൗതികരായ ആളുകൾ പറയുന്നത് സത്യം പറയുന്നവർ അറസ്റ്റു ചെയ്യപ്പെടുമെന്നാണ്. എന്നാൽ, ഞാൻ എന്തിന് അതംഗീകരിക്കണം? എനിക്കെതിരെ ഏഴു കേസുകളുണ്ടായി. ദൈവാനുഗ്രഹത്താൽ ഒരൊറ്റ കേസിലും എനിക്ക് ഒരൊറ്റ വാക്കുപോലും കളവെഴുതേണ്ട ആവശ്യമുണ്ടായിട്ടില്ല. ഏതെങ്കിലും കേസിൽ എന്നെ അല്ലാഹു പരാജയപ്പെടുത്തിയെന്ന് ആരെങ്കിലും പറയട്ടെ! അല്ലാഹു സത്യത്തെ പിന്തുണയ്ക്കുന്നവനും സഹായിക്കുന്നവനുമാണ്. അവൻ സന്മാർഗിക്ക് ശിക്ഷ നല്കുമോ?'

പിന്നീട് അവിടന്ന് പറയുന്നു:"യഥാർഥ കാര്യമെന്താണെന്നുവച്ചാൽ സത്യം പറയുന്നതുകൊണ്ട് ശിക്ഷ ലഭിക്കുന്നത് അത് സത്യം കാരണത്താലല്ല. ആ ശിക്ഷ അവന്റെ ചില അതിസൂക്ഷ്മങ്ങളായ തിന്മകൾ കൊണ്ടാണ് ലഭിക്കുന്നത്. അല്ലാഹുവിന്റെ പക്കൽ അവന്റെ തിന്മകളുടേയും ദ്രോഹങ്ങളുടേയും ഒരു കൂമ്പാരംതന്നെ ഉണ്ടായിരിക്കും. അവൻ ചെയ്തിട്ടുള്ള ഒരുപാട് തെറ്റുകുറ്റങ്ങളുണ്ടാകും. അതിലേതെങ്കിലുമൊക്കെ ഒന്നിന് അവന് ശിക്ഷ ലഭിക്കുന്നതാണ്.' പറഞ്ഞു, ആരാണോ സത്യത്തെ സ്വായത്തമാക്കുന്നത് അവൻ നിന്ദിതനാകുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. കാരണം അവൻ അല്ലാഹുവിന്റെ സംരക്ഷണയിലാണുള്ളത്. അല്ലാഹുവിന്റെ സംരക്ഷണംപോലെ മറ്റൊരു സുരക്ഷിതമായ കോട്ടയോ സങ്കേതമോ ഇല്ല. പക്ഷേ, അപൂർണമായ കാര്യം ഫലം നല്കുകയില്ല. ദാഹമുണ്ടാകുമ്പോൾ ഒരു തുള്ളിവെള്ളം ദാഹം ശമിപ്പിക്കുമെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? അല്ലെങ്കിൽ കഠിനമായ വിശപ്പുള്ളപ്പോൾ ഒരു വറ്റോ ഉരുളയോ വിശപ്പടക്കുമോ? ഒരിക്കലുമില്ല. വയറുനിറച്ച് വെള്ളം കുടിക്കാത്തിടത്തോളം ഭക്ഷണം കഴിക്കാത്തിടത്തോളം സമാധാനം ഉണ്ടാകുകയില്ല. ഇപ്രകാരംതന്നെ കർമങ്ങളിൽ പൂർണത കൈവരിക്കാത്തിടത്തോളം ഉണ്ടാകേണ്ട ഫലം അതുണ്ടാക്കുകയില്ല. അപൂർണമായ കർമം അല്ലാഹുവിനെ സന്തോഷിപ്പിക്കുകയില്ല. അത് അനുഗൃഹീതമാകുകയുമില്ല. തന്റെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിച്ചാൽ താൻ അനുഗ്രഹം നല്കുമെന്നാണ് അല്ലാഹുവിന്റെ വാഗ്ദാനം. ആത്മാർഥതയുണ്ടെങ്കിൽ ഒരണു അളവ് നന്മപോലും അല്ലാഹു പാഴാക്കിക്കളയുകയില്ല. അവൻതന്നെയാണ് പറഞ്ഞത്: **മൻയ്യ അ്മൽ മിഥ്ഖാല ദർറത്തിൻ ഖയ്റയ്യറഹൂ** അപ്പോൾ വല്ലവനും ഒരണു അളവ് നന്മ ചെയ്യുന്നതായാൽ അതവൻ കാണും(99:8). അതുകൊണ്ട് ഒരണു അളവ് നന്മയുണ്ടെങ്കിൽ അതിന് അല്ലാഹുവിൽനിന്ന് അവൻ ഫലം പറ്റുന്നതാണ്.

ഇനി ഈ കാര്യങ്ങൾ മുന്നിൽവച്ചുകൊണ്ട് ഓരോ അഹ്മദികളും ആത്മപരിശോധന നടത്തുക. ഉദാഹരണത്തിന് ചില കാര്യങ്ങളുണ്ട്. കുറച്ചു ഞാൻ വിവരിക്കാം.

കേസുകളിൽ തെറ്റായ വിവരംനല്കി പ്രവർത്തിക്കുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തുക. കച്ചവടങ്ങളിൽ ലാഭമുണ്ടാക്കാൻ തെറ്റായ കാര്യങ്ങൾ ഉപഭോക്താക്കളോടു പറയുന്നുണ്ടോ എന്ന് പരിശോധിക്കുക. വിവാഹബന്ധങ്ങൾ ഉറപ്പിക്കുമ്പോൾ തെറ്റായ കാര്യങ്ങൾ പറയുന്നുണ്ടോ, സത്യം മറച്ചുവെക്കുന്നുണ്ടോ എന്ന് നോക്കുക. എല്ലാ രീതിയിലും ചൊവ്വായ കാര്യങ്ങളോടെയാണോ പ്രവർത്തിക്കുന്നത്. ആൺകുട്ടിയെ കുറിച്ചും പെൺകുട്ടിയെ കുറിച്ചുമുള്ള എല്ലാ കാര്യങ്ങളും പറയാറുണ്ടോ. സർക്കാറിൽനിന്ന് സോഷ്യലും വെൽഫെയറുമായിട്ടുള്ള അലവൻസ് വാങ്ങാൻ കളവു പറയാറുണ്ടോ? ഇതു സംബന്ധമായി ഒരുപാട് ആളുകളെക്കുറിച്ച് നെഗറ്റീവായിട്ടുള്ള കാര്യങ്ങളാണ് ലഭിക്കുന്നത്. തങ്ങളുടെ വരുമാനങ്ങൾ മറച്ചുവച്ചുകൊണ്ട് സർക്കാറിൽനിന്ന് അലവൻസ് വാങ്ങുന്നു. ഇക്കാരണത്താൽ ടാക്സും നല്കേണ്ടിവരുന്നില്ല. ഇവിടെ ടാക്സും മോഷ്ടിക്കപ്പെടുന്നു. ഇപ്പോൾ ലോകത്തിന്റെ മൊത്തത്തിലുള്ള സാമൂഹികാവസ്ഥകൾനോക്കുമ്പോൾ ഓരോ സർക്കാരും പ്രശ്നങ്ങൾക്കിരയായിക്കൊണ്ടിരിക്കുന്നു. അല്ലെങ്കിൽ ആയിക്കഴിഞ്ഞിരിക്കുന്നു. ഇനി ആയിട്ടില്ലെങ്കിൽ ആയിത്തീരുന്നതാണ്. അതുകൊണ്ട് സർക്കാറുകൾ ആഴത്തിൽ ചെന്ന് യാഥാർഥ്യം അറിയാൻ പരിശ്രമിക്കുന്നു. പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതിനാൽ സർക്കാറിന്റെ മുമ്പിൽ എന്തെങ്കിലും തെറ്റായ കാര്യം വന്നാൽ അത് അയാൾക്ക് പ്രയാസങ്ങൾ ഉണ്ടാക്കുന്നതോടൊപ്പം അയാൾ അഹ്മദിയാണെന്ന് അറിഞ്ഞാൽ ജമാഅത്തിന്റെ ചീത്തപ്പേരിനും കാരണമായിത്തീരുന്നു. ആരെങ്കിലും ഈ രീതിയിൽ തെറ്റായവിവരംനല്കി പ്രവർത്തിക്കുകയാണെങ്കിൽ അയാൾ ഭൗതിക നേട്ടങ്ങൾ നോക്കരുത്. കുറഞ്ഞ ചെലവിൽ ജീവിച്ച് കളവിൽനിന്ന് രക്ഷപ്പെട്ട് അല്ലാഹുവിനെ പ്രീതിപ്പെടുത്താൻ ശ്രമിക്കുക. ഇപ്രകാരം തങ്ങളയക്കുന്ന റിപ്പോർട്ടുകളിൽ തെറ്റായ വിവരങ്ങൾ നല്കുന്നുണ്ടോ അല്ലെങ്കിൽ പ്രധാനപ്പെട്ട എന്തെങ്കിലും കാര്യം വിട്ടു കളയുന്നുണ്ടോ എന്ന് ജമാഅത്തിന്റെ ഭാരവാഹികളും ആത്മപരിശോധന നടത്തുക. പൂർണമായും ചൊവ്വായ വാക്കുകളോടെ പ്രവർത്തിച്ചില്ലെങ്കിൽ അതും തെററാണ്. തഖ്‌വയിലൂടെ പ്രവർത്തിച്ചുകൊണ്ട് കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്. അതുകൊണ്ട് വളരെ അഗാധതയിൽ ചെന്നുകൊണ്ട് കാര്യങ്ങൾ മനസ്സിലാക്കേണ്ട ആവശ്യമാണുള്ളത്. ഓരോരുത്തരും തങ്ങളുടെ സ്വാർഥതകളിൽനിന്നും ഈഗോകളിൽനിന്നും പുറത്തുവന്ന് അല്ലാഹുവിനോടുള്ള ഭയം മുന്നിൽവച്ചുകൊണ്ട് തങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്. ഈ രീതിയിലാണ് തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത്. ഇതൊന്നും ഇല്ലായെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ ഇതെല്ലാം ദുൻയാവിനോടുള്ള സ്നേഹത്തിന്റെ പ്രകടനമാണ്. ലോകം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഭിന്നതയിലേക്കാണ് കൊണ്ടുപോകുന്നത്. ഭിന്നതകൊണ്ട് ജമാഅത്തിന്റെ ഒത്തൊരുമ നിലനില്ക്കുകയില്ലെന്നത് പ്രകടമാണ്. ഇല്ലെങ്കിൽ കുറഞ്ഞ പക്ഷം ഈ സമൂഹത്തിൽ, ഈ ഹൽഖയിൽ ഒരു ഫിത്ന ഉടലെടുക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതൊരു ഒത്തൊരുമ ഉണ്ടാക്കാ

നാണോ വന്നത് അത് പാഴായിപോകുന്നതാണ്. ഭൗതികതയോടുള്ള സ്നേഹം കാരണംകൊണ്ടുതന്നെയാണ് മറ്റു കക്ഷികളും ഉണ്ടായത്. അതുപോലുള്ള മറ്റൊരു കക്ഷി ഉണ്ടാകും. ഒരു തിന്മയിൽനിന്ന് പല തിന്മകൾ ഉടലെടുക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ തിന്മകൾ പിന്നെ അതിന്റെ കുട്ടികളെ പ്രസവിച്ചുകൊണ്ടേപോകുന്നു.

അഹ്മദിയായതുകൊണ്ട് നമ്മളിൽ ഒരുപാട് ചുമതലകളാണുള്ളത്. അതെല്ലാം നമ്മൾ നമ്മുടെ മുമ്പിൽ വെക്കേണ്ടതാണ്. റസൂലിന്റെ ജീവിതമാർഗത്തിലൂടെ നടക്കാനും അല്ലാഹുവിന്റേതായിത്തീരാനും ശ്രമിക്കുന്നവനാണ് യഥാർഥ അഹ്മദി. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു. ഒരിടത്ത് ഇതേ വിഷയവുമായി ബന്ധപ്പെട്ട് മുമ്പേ ഞാൻ പറഞ്ഞതാണത്: 'നല്ലവണ്ണം ഓർമിച്ചുകൊളളുക. ആരാണോ അല്ലാഹുവിനുവേണ്ടി ആയിത്തീരുന്നത് അല്ലാഹു അവന്റേതായിത്തീരുന്നു. അല്ലാഹു ആരുടേയും ചതിയിൽ അകപ്പെടുകയില്ല. പ്രദർശനപരതകൊണ്ടും വഞ്ചനകൊണ്ടും അല്ലാഹുവിനെ വഞ്ചിക്കാമെന്ന് വിചാരിച്ചാൽ അത് അവന്റെ വിഡ്ഡിത്തവും അജ്ഞതയുമാണ്. അവൻ സ്വയം വഞ്ചിതനാകുകയാണ്. ദുൻയാവിന്റെ അലങ്കാരവും ദുൻയാവിനോടുള്ള സ്നേഹവും സകലതെറ്റുകളുടേയും വേരാണ്. അതുകൊണ്ട് അല്ലാഹുവിനോടുള്ള മഹത്ത്വം മനസ്സിൽ വെക്കേണ്ടതാണ്. അവനെ എപ്പോഴും ഭയപ്പെടേണ്ടതാണ്. അവന്റെ പിടിത്തം ഭയാനകമാണ്. അവൻ കണ്ടില്ലെന്ന് നടിക്കുന്നു. വിട്ടുവീഴ്ച ചെയ്യുന്നു. പക്ഷേ, ആരെയെങ്കിലും പിടിച്ചാലോ കഠിനമായി പിടിക്കുന്നു. എത്രത്തോളമെന്നാൽ **ലാ യഖാഫു ഉഖ്ബാഹാ** അതിന്റെ ഭവിഷ്യത്ത് അവൻ ഭയപ്പെടുന്നില്ല(91:16) അവൻ വിട്ടുംവച്ച് പോകുന്നവരുടെ അവസ്ഥ എന്തായിരിക്കുമെന്നുപോലും അവൻ നോക്കുകയില്ല. ആരാണോ അല്ലാഹുവിനെ ഭയപ്പെടുകയും അവന്റെ മഹത്ത്വത്തിന് മനസ്സിൽ ഇടം നല്കുകയും ചെയ്യുന്നത് അല്ലാഹു അവർക്ക് ബഹുമാന്യത നല്കുന്നു. സ്വയം അവർക്കുവേണ്ടി ഒരു പരിചയായിത്തീരുന്നു. ഹദീഥിൽ വന്നിരിക്കുന്നു: **മൻ കാന ലില്ലാഹി കാനല്ലാഹു ലഹൂ** ആരാണോ അല്ലാഹുവിനുവേണ്ടി ആയിത്തീരുന്നത് അല്ലാഹു അവന്റേതായിത്തീരുന്നു. നല്ലവണ്ണം ഓർത്തുകൊള്ളുക, ഘട്ടം ഘട്ടമായിട്ടായിരിക്കും എല്ലാ പുരോഗതിയും ഉണ്ടാകുന്നത്. നമ്മൾ മുസ്ലിമാണ്, മുഅ്മിനാണ് എന്നു പറയുന്നതുകൊണ്ടുമാത്രം അല്ലാഹു സന്തോഷിക്കുകയില്ല. അവൻ പറഞ്ഞു: **അ ഹസിബന്നാസു അൻയ്യുത്ത്റക്കൂ അൻയ്യഖൂലൂ ആമന്നാ വഹും ലാ യുഫ്ത്തനൂൻ** ഞങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്നു പറയുന്നതുകൊണ്ടുമാത്രം ആളുകളെ പരീക്ഷണത്തിന് വിധേയരാക്കാതെ വിട്ടു കളയുമെന്ന് അവർ ധരിക്കുന്നുണ്ടോ?

അത് നല്കിയിരിക്കുന്ന പാഠം **ഖദ് അഫ്‌ലഹ മൻ സക്കാഹാ** എന്നാണ്. ആത്മാവിനെ ശുദ്ധീകരിച്ചവൻ മോക്ഷം പ്രാപിച്ചു. അതായത് ആരാണോ എല്ലാതരത്തിലുള്ള അനാചാരങ്ങളിൽനിന്നും പാപങ്ങളിൽനിന്നും കുറ്റ കൃത്യങ്ങളിൽനിന്നും ശരീരേച്ഛകളിൽനിന്നും അല്ലാഹുവിനുവേണ്ടി തന്നെ മാറ്റി നിറുത്തിയത്, എല്ലാവിധത്തിലുള്ള ഭൗതികാസ്വാദനങ്ങളും ഉപേക്ഷിച്ച് അല്ലാഹുവിന്റെ വഴിയിൽ ബുദ്ധിമുട്ടുകൾ സഹിക്കാൻ മുൻഗണന നല്കിയത് അത്തരം വ്യക്തിയാണ് യഥാർഥത്തിൽ മോക്ഷം പ്രാപിച്ചവൻ. അവൻ അല്ലാഹുവിനെ മുന്തിക്കുകയും ദുൻയാവിനേയും അതിലെ ആചാരോപചാരങ്ങളേയും ഉപേക്ഷിക്കുകയും ചെയ്യുന്നു.

നമ്മൾ നമ്മുടെ ഉള്ളിൽ കർമപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. സത്യസന്ധതയുടെ നിലവാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നവരാകട്ടെ. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നിട്ട് വെറും വായകൊണ്ടു പറയുന്നവരാകാതെ, യഥാർഥത്തിൽ അവിടത്തെ നിയോഗോദ്ദേശ്യം മനസ്സിലാക്കുന്നവരായിത്തീരട്ടെ. അത് പൂർത്തീകരിക്കുന്നവരാകട്ടെ. നബി(സ)തിരുമേനിയുടെ ജീവിതമാതൃക അനുസരിച്ച് നടക്കാൻ പൂർണമായും ശ്രമിക്കുന്നവരാകട്ടെ. അല്ലാഹുവിന്റെ തൃപ്തിയെ എല്ലാ വസ്തുക്കളെക്കാളും മുന്തിച്ചുകൊണ്ട് അത് കരസ്ഥമാക്കുന്നതിന് ശ്രമിക്കുന്നവരാകട്ടെ. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഐവറികോസ്റ്റിലെ മുബല്ലിഗ് ഖാസിം തോറെ സാഹിബിനെ ഹുദൂർ അനുസ്മരിക്കുകയും പരേതന്റെ ജനാസ ഗാഇബ് നമസ്കരിക്കുന്നതാണെന്ന് പറയുകയും ചെയ്തു.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 05.02.16
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala